# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.836 11.06.2014-ൽ മറുപടിക്ക്

### ചാത്തമംഗലം പഞ്ചായത്തിലെ ട്രീറ്റ് മെന്റ് പ്ലാന്റ്

| ചോദ്യം<br>ശ്രീ.പി.റ്റി.എ.റഹീം | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിലെ ട്രീറ്റ് മെന്റ് പ്ലാന്റിനോട സമ്പന്ധിച്ച പ്രവൃത്തികൾ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്. ചാത്തമംഗലം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കുളിമാട് പമ്പിംഗ് സ്റ്റേഷനിലും, മാവൂർ ട്രീറ്റ് മെന്റ് പ്ലാന്റിലും ജിക്ക സഹായത്തോടെ(സാമ്പത്തിക) നവീകരണ പ്രവർത്തികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രവൃത്തിയുടെ ഭാഗമായ SCADA (Telemetry) (electronic control system installation of Treatment Plants) ഉൾ പ്പെടുത്താൻ ഉദ്ദേശിച്ച കെട്ടിടത്തിന്റെ ഫൗണ്ടേഷന്റെ പണി തുടങ്ങാൻ നടപടി സ്വീകരിച്ചു. ഫൗണ്ടേഷനു വേണ്ടി ചാലുകീറാൻ തുടങ്ങിയപ്പോൾ ഹൈക്കോടതിയിൽ പ്രസ്തുത പ്രവൃത്തിക്ക് സ്റ്റേ ഉള്ളതായി കേരള വാട്ടർ അതോറിറ്റിയുടെ സ്റ്റാൻഡിംഗ് കൗൺസിൽ, കോഴിക്കോട് പി.എച്ച്. ഡിവിഷൻ എക്സി. എഞ്ചിനീയറെ വാക്കാൽ അറിയിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ലഭ്യമായിട്ടില്ല. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ ചർച്ച നടത്തുന്ന കാര്യം പരിശോധിച്ചിട്ടില്ല. |
| (ബി) | സ്റ്റേക്ക് ആധാരമായ വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (സി) | പ്ലാന്റിൽ നിന്നുള്ള ജലനിർഗ്ഗമന മാർഗ്ഗം തകർന്നതുമൂലം അടുത്തുള്ള കൃഷിയിടങ്ങളിലേക്ക് ജലം കത്തിലയൊഴുകി നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട് |

| | | | |
|---|---|---|---|
| (ഡി) | ഇത് പരിഹരിക്കാൻ തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുമോ; | (ഡി) | ഓവു ചാലിന്റെ പുനർ നിർമ്മാണത്തിന് 30 ലക്ഷം (മുപ്പത് ലക്ഷം) രൂപയുടെ ഒരു എസ്റ്റിമേറ്റ് വെള്ളപ്പൊക്ക ദുരിത നിവാരണ പദ്ധതിയിൽ ഉൾ പ്പെടുത്തി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു വെങ്കിലും ആയതിന് അനുമതി ലഭിക്കുകയുണ്ടായില്ല. |
| (ഇ) | പ്രസ്തുത പ്ലാന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഇക്കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ